# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 -2028

## കരുവഞ്ചേരി യു പി സ്കൂൾ

# ആമുഖം

മണിയൂർ പഞ്ചായത്തിലെ പതിനാറാം വാർഡിൽ പാലയാട് വില്ലേജിൽ ചെല്ലട്ടുപൊയിൽ ദേശത്താണ് കരുവഞ്ചേരി യു പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. 10 ക്ലാസ് മുറികൾ ഉള്ള ഒരു കോൺക്രീറ്റ് കെട്ടിടവും മറ്റു നാല് കെട്ടിടങ്ങളും ആണ് നിലവിൽ ഇവിടെയുള്ളത്.ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും രണ്ട് വലിയ മൂത്രപ്പുരകൾ ഒരു കക്കൂസും ഉണ്ട്. വിദ്യാലയത്തിൽ വൈദ്യുതി ലഭ്യമാണ് ഗ്യാസ് ഉപയോഗിച്ചാണ് വിദ്യാലയത്തിൽ ഉച്ച ഭക്ഷണം പാചകം ചെയ്യുന്നത് കമ്പ്യൂട്ടർ പഠനത്തിന് ആവശ്യമായ സ്മാർട്ട് റൂം പണിപൂർത്തിയായിട്ടുണ്ട്.എംപിയുടെയും എംഎൽഎയുടെ കമ്പ്യൂട്ടർ ലഭ്യമായിട്ടുണ്ടെങ്കിലും ഇനിയും കമ്പ്യൂട്ടർ പഠനസൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്.വിദ്യാലയത്തിന് ചുറ്റും ആവശ്യത്തിന് മരങ്ങൾ വെച്ചുപിടിപ്പിച്ചതിനാൽ അന്തരീക്ഷം നിലവിലുണ്ട്.പച്ചക്കറി കൃഷി നടത്താറുണ്ടെങ്കിലും ജലത്തിന്റെ ദൗർലഭ്യം പരിഹരിക്കപ്പെടേണ്ടതുണ്ട് വിദ്യാലയത്തിൽ ഒരു കിണർ ഉണ്ടെങ്കിലും ഫെബ്രുവരി മാസം മുതൽ വിദ്യാലയം ആവശ്യത്തിനായി വെള്ളം ലോറിയിൽ എത്തിക്കാറാണ് പതിവ് വിദ്യാലയത്തിൽ ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലായി ധാരാളം കുട്ടികൾ പഠിക്കുന്നുണ്ട്.11അധ്യാപകരും ഒരു അനാധ്യാപക ജീവനക്കാരും അടക്കം ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നത്. കലാകായിക സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ എല്ലാം ഓരോ വർഷവും അംഗീകാരം കിട്ടാറുണ്ട്.എൽഎസ്എസ് സംസ്കൃതം സ്കോളർഷിപ്പുകളിലും നേട്ടങ്ങൾ കൈവരിക്കാറുണ്ട്.ന്യൂമാൻ പരീക്ഷയിലും സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിലും തുടർച്ചയായി സബ് ജില്ലയിൽ ഹർഹമായ വിജയം കഴിഞ്ഞിട്ടുണ്ട്.വിദ്യാർഥികളെ പ്രാപ്തരാക്കാൻ അധ്യാപകരുടെയും മറ്റ് വിദഗ്ധരുടെയും സഹായത്തോടെ പരിശീലനം നൽകാൻ ശ്രദ്ധിക്കാറുണ്ട്. വിദ്യാലയത്തിൽ എൽകെജി യുകെജി ക്ലാസുകളും പ്രവർത്തിക്കുന്നുണ്ട് കൂടാതെ സയൻസ് ലാബ് ലൈബ്രറി തുടങ്ങിയവയും ഈ വിദ്യാലയത്തിൽ ഉണ്ട്.

സ്ഥാപിത ചരിത്രം

കരുവഞ്ചേരി യുപി സ്കൂളിന്റെ ആവിർഭാവത്തെ കുറിച്ച് വ്യക്തമായ ഒരു ധാരണ ലഭിച്ചിട്ടില്ല. എങ്കിലും പഴമക്കാരുടെ അഭിപ്രായത്തിൽ ഏതാണ്ട് 150 വർഷത്തോളം പഴക്കമുണ്ട് എന്ന് കണക്കാക്കപ്പെടുന്നു. കുടി പള്ളിക്കൂടമായി തുടങ്ങിയ ഈ വിദ്യാലയത്തെ കൊല്ലന്റെ പറമ്പത്ത് സ്കൂൾ എന്നായിരുന്നു പഴമക്കാർ വിളിച്ചിരുന്നത്. ചുറ്റുപാടും കുന്നും കാടും നിറഞ്ഞ ഈ പ്രദേശത്ത് കേവലം നാല് തൂണിൽ ഓലമേഞ്ഞ ഒരു ഷെഡ്ഡിൽ ആയിരുന്നു സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. നിലത്തിരുത്തിയായിരുന്നു വിദ്യാഭ്യാസം നടത്തിയിരുന്നത് എന്നാണ് അറിയാൻ കഴിഞ്ഞത്. ആദ്യകാല വിദ്യാർത്ഥികളെ കുറിച്ച് അവരുടെ സംഭാവനകളെക്കുറിച്ച് വ്യക്തമായ അറിവൊന്നും ലഭിച്ചിട്ടില്ല ദ്രോണാചാര്യ ഓഎം നമ്പ്യാർ ഉൾപ്പെടെ നിരവധി പ്രശസ്തരായവർ ഇവിടെ പഠനം പൂർത്തിയാക്കിയിട്ടുണ്ട്.

വിഷൻ -100- അക്കാദമിക മാസ്റ്റർ പ്ലാൻ

മാർഗ്ഗരേഖ മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പഠന നിലവാരം കണ്ടെത്തൽ. പ്രീ-ടെസ്റ്റ് | ജൂൺ മുതൽ ആഗസ്റ്റ് | ഭാഷാ-ധ്യാപകൻ | പി.ടി.എ ബി.ആർ.സി ഡയറ്റ് |
| ,, | അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡുകൾ. | ,, | ,, | ,, |
| ,, | വാക്കുകൾ എഴുതിയ കാർഡുകൾ , വാക്കുകൾനിർമ്മിക്കൽ.വാക്യങ്ങൾ നിർമ്മിക്കൽ.ചിത്രം നൽകി വാക്യങ്ങൾ നിർമ്മിക്കൽ . | | | |
| | കഥപറയൽ, കഥ എഴുതൽ, ഐ..ടി. മേഖല, അസംബ്ലി കുട്ടികൾക്ക് വായിക്കാനും, അവതരിപ്പിക്കാനും അവസരം നൽകുക. | | | |
| | ഡയറി,പത്രവാർത്ത | ദിനംപ്രതി | | |
| ,, | പത്രക്വിസ് | മാസത്തി | | |
| ,, | വായന,വായനമൂല | ലൊന്ന് | | |
| | ക്ലാസ് ലൈബ്രറി | ദിവസേന | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | സമീപ ഗ്രന്ഥശാലാ സന്ദർശനം. അംഗത്വം വായനാക്കുറിപ്പ് | സെപ്തംബർ ഒക്ടോബർ നവംബർ | ഭാഷാധ്യാപകൻ | പി.ടി.എ സ്റ്റാഫ് സ്പോൺസറിങ് |
| " | ലേഖനം നല്ലഎഴുത്ത്കാര നാക്കുക. സർഗ്ഗഭാവനകൾ കണ്ടെത്തുക. | " | " | " |
| " | എഴുത്തുകൂട്ടം രൂപീ കരണം. പുസ്തകചർച്ച. ക്ലാസ്സ് ലൈബ്രറി വായനാക്കുറിപ്പ്, പതിപ്പ്. | " | " | " |
| " | ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ ആശയം വിശദമാ ക്കുക.( കവിത) | " | " | " |
| " | വിവിധ സാഹിത്യ ശാഖകൾ പരിചയ പ്പെടൽ. പ്രൊഫൈൽ തയ്യാറാക്കൽ | " | " | " |
| " | ഭാഷാ പ്രൊജക്ട് തയ്യാറാക്കൽ. വ്യക്തിഗതം | " | " | " |
| " | സ്വന്തം രചനകൾ കഥ,കവിത, ചിത്ര കഥ, ഉപന്യാസം | " | " | " |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ,, | യാത്രാ വിവരണം അനുഭവക്കുറിപ്പ്. നാടൻ പാട്ട് ശേഖരണം. | ,, | | പി.ടി.എ സ്റ്റാഫ് ബി.ആർ.സി. |
| ,, | നാടൻ പഴമൊഴികൾ, മലയാളം അക്കങ്ങൾ അന്വേഷിച്ചെഴുതൽ | ,, | സ്റ്റാഫ് വിദഗ്ധർ | ,, |
| ,, | ഗ്രാമചരിത്രം തയ്യാറാക്കൽ. വാർഷികപ്പതിപ്പ് തയ്യാറാക്കൽ (സർഗ്ഗ ഭാവന കണ്ടെത്തൽ) | ,, | | ,, |
| | | | | |

സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംസ്കൃതജ്ഞാനം സംഭാഷണ സാമർത്ഥ്യം. കുട്ടികളെക്കുറിച്ചുള്ള അവബോധം. കായിക പരമായ അവബോധം | കായികസംസ്കൃതം പഠനകളിയിലൂടെ. കളികളെക്കുറിച്ചുള്ള അറിവ്. കായികപരമായ അറിവ് നൽകൽ. കളികൾക്കിടയിൽ സംസ്കൃത സംഭാഷണം മാത്രം. വിവിധ കളിക്കാരുടെ സംഘരൂപീകരണം | മാസത്തിൽ ഒരുതവണ | സംസ്കൃത അധ്യാപിക | സ്റ്റാഫ് ബി.ആർ.സി പി.ടി.എ |
| ഭാഷാ വികസനം | സംസ്കൃത അസംബ്ലി | മാസത്തിൽ ഒരുതവണ | സംസ്കൃത അധ്യാപിക | പി.ടി.എ |
| സംഭാഷണം വികസിപ്പിക്കൽ | ഒരു ദിവസം സംസ്കൃത ഭാഷാ-പരിപാടി ക്ലാസ്തലം | ,, | ,, | ,, |
| വായന | സംസ്കൃത ലൈബ്രറി വായനാ സാമഗ്രികൾ പൊതുവായനാ പുസ്തകം. കഥാമാസിക. സംസ്കൃതം കമ്യൂണിക്കേഷൻ.ലഘുനാടകം | ആഴ്ചയിൽ ഒരു തവണ | | ,, |

അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | മികവിന്റെ വഴിയിൽ പ്രൈമറി ക്ലാസ് മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക. മുന്നറിയിപ്പ് പരിശോധിക്കൽ അക്ഷരങ്ങൾ ഉറപ്പിക്കൽ. വാചകങ്ങൾ നിർമ്മിക്കൽ ഭാഷാ കളികൾ | രണ്ട് മാസം | അറബി അധ്യാപിക | പി.ടി.എ |
| വായന സഹായം | വായനാ വസന്തം. വായനാ മത്സരം ക്ലാസ് ലൈബ്രറി ഇ(വായന. അറബിക് പത്രവായന | 6 മാസം | ,, | പൂർവ്വ വിദ്യാർത്ഥികൾ പ്രവാസികളുടെ |
| ഭാഷാ പഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | ആശയ വിനിമയ വേദി ക്ലാസ് തലത്തിൽ. അറബിക് മേള. ഭാഷാ പ്രവർത്തനം ഐ.ടി.സി. സി.ഡി.കൾ | 10 മാസം | ,, | പൂർവ്വ വിദ്യാർ |

# ഇംഗ്ലീഷ് - ലക്ഷ്യങ്ങൾ

ഇംഗ്ലീഷ് ഭാഷാ അനായാസം ,കൈകാര്യം ചെയ്യാൻ സാധിക്കുക.

കുട്ടികൾക്ക് ഇംഗ്ലീഷ് പ്രിയപ്പെട്ട ഭാഷയായി മാറ്റുക

ക്ലാസ് മുറിക്ക് അപ്പുറത്തേക്ക് പഠനാന്തരീക്ഷം ഒരുക്കുക

പൊതു വിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനം രക്ഷിതാക്കൾക്ക് മതിപ്പുളവാക്കുന്ന രീതിയിലാക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അനായാസം കൈകാര്യം ചെയ്യൽ | പഠന നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് | ജൂൺ ജൂലൈ | ഭാഷാധ്യാപകൻ പി.ടി.എ വിദഗ്ധർ | പി.ടി.എ ബി.ആർ സി |
| | അക്ഷരം ഉറപ്പിക്കൽ അക്ഷര കാർഡുകൾ വിതരണം | ആഗസ്റ്റ് | ,, | ,, |
| | പതിപ്പുകൾ. മാഗസിനുകൾ വാക്കുകൾ എഴുതിയ കാർഡുകൾ, വാക്കുകൾ നിർമ്മിക്കൽ ,വാക്യങ്ങൾ നിർമ്മിക്കൽ. | മാസത്തി ലൊരിക്കൽ ആഗസ്റ്റ് സെപ്തമ്പർ | ,, | ,, |
| | ഡയറി, പത്രവാർത്ത | ദിവസേന | ,, | ,, |
| | ഇംഗ്ലീഷ് ക്ലാസ് പ്രവർത്തനം | ആഴ്ചയി ലൊരിക്കൽ | ,, | ,, |
| | ഇംഗ്ലീഷ് ക്ലാസ് അസംബ്ലി | ,, | ,, | ,, |
| | ഇംഗ്ലീഷ് പത്രക്വിസ് | ദിവസേന | ,, | ,, |
| | വായന മൂല നിർമ്മിക്കുക പ്രൊഫൈൽ തയ്യാറാക്കൽ | ആഴ്ചയിലൊ രിക്കൽ | ,, | ,, |
| | ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം | രണ്ടാഴ്ചയിൽ ഒരിക്കൽ | ,, | ,, |
| | ഇംഗ്ലീഷ് പരസ്പരം സംസാരിക്കുക. | ദിവസേന | ,, | ,, |
| | ഇംഗ്ലീഷ് സ്കിറ്റ് കൊറിയോഗ്രാഫി | മാസത്തി ലൊരിക്കൽ രണ്ടുമാസ ത്തിലൊരിക്കൽ | വിദഗ്ധർ കൊറിയോ ഗ്രാഫർ | പി.ടി.എ സ്റ്റാഫ് പി.ടി.എ |

ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | ഭാഷാ ശേഷി വികസനം | ഒരു വർഷം | ഹിന്ദി അധ്യാപകൻ | പി.ടി.എ ബി.ആർ.സി ഡയറ്റ് |
| ,, | പഠന നിലവാരം കണ്ടെത്തൽ പ്രീ-ടെസ്റ്റ് നടത്തി,വിശകലനം ചെയ്ത് മികവുകളും, പരിമിതികളും കണ്ടെത്തുക. | 3 മാസം | ,, | ,, |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തന മേഖലകൾ തയ്യാറാക്കൽ ശേഖരിക്കൽ | ഒരു വർഷം | ,, | പി.ടി.എ ബി.ആർ.സി |
| | ഹിന്ദി അസംബ്ലി | ആഴ്ചയിലൊരിക്കൽ | ,, | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | ഡയറി | പ്രതിദിനം | അധ്യാപകൻ | പി.ടി.എ<br>ബി.ആർ.സി |
| | ഒരു ദിവസം ഹിന്ദി ഭാഷാ പരിപാടി ക്ലാസ്തലം | മാസത്തിൽ ഒരു ദിവസം | ,, | ,, |
| | ഹിന്ദി ലൈബ്രറി. വായനാ സാമഗ്രികൾ. ലഘുവായനാ പുസ്തകം. പത്രം, കഥാ മാസിക. | ജൂലായ് മുതൽ | ,, | ,, |
| | ഹിന്ദി കമ്യൂണിക്കേഷൻ പരിപാടി, ലഘു നാടകം | മാസം തോറും | നാടക പ്രവർത്തകർ | ,, |
| | പതിപ്പുകൾ മാസികകൾ | മാസത്തിൽ ഒന്നുവീതം | അധ്യാപകൻ | ,, |
| | രചനാശിൽപശാല | ജനവരി | | ,, |
| | കാർട്ടൂൺ സംഭാഷണം തയ്യാറാക്കൽ | മാസത്തിൽ ഒന്നുവീതം | ചിത്രകാരന്മാർ | ,, |
| | ഹിന്ദി തിയേറ്റർ കമ്പ്യൂട്ടർ മേഖല | ,, | സിനിമ പ്രവർത്തകർ | ,, |

## ഗണിത പഠനം - ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമായി മാറിക്കഴിഞ്ഞ ഈ കാലഘട്ടത്തിൽ ഗണിതപഠന സമീപവും, ഈ രീതിയിൽ മാറേണ്ടതുണ്ട്. ജാതി, മത, ലിംഗ, ഭാഷാ,സംസ്കാരം, അംഗവൈകല്യം മുതലായ പരിമിതികൾ മറികടന്നുകൊണ്ട് ഏതൊരു കുട്ടിക്കും ,ഓരോ ക്ലാസ്സിലും ലഭിക്കേണ്ട ശേഷികൾ അതാത് സമയത്ത് തന്നെ ലഭിക്കേണ്ടതുണ്ട്. എന്നിരുന്നാലും ഗണിത പഠനം ഇപ്പോഴും ഈ ലക്ഷ്യം കൈവരിക്കുന്നതിൽ പിറകിലാണ് ഉള്ളത്. ഇതിന്റെ കാരണങ്ങൾ പലതാണ്. കുട്ടികൾക്ക് രസകരമായ രീതിയിൽ ഗണിത പഠനം നടത്തിയാൽ ഇത് ഒരു പരിധിവരെ മറികടക്കാൻ കഴിയും.

ഗണിത പഠനം രസകരമാകാൻ, നിത്യജീവിതവുമായി അതിനെ ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു. കൂടാതെ അമൂർത്തമായ.ആശയങ്ങളെ മൂർത്ത രൂപത്തിലാക്കാൻ ഉതകുന്ന പഠനോപകരണങ്ങളും , പഠന തന്ത്രങ്ങളും ആവിഷ്ക്കരിക്കേണ്ടതായുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ തയ്യാറാക്കുന്നതിൽ സമൂഹത്തിന്റെ പങ്കാളിത്തം വളരെ വലുതാണ്. ഇതുതന്നെയാണ് അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ പ്രസക്തിയും.

ഗണിത പഠനത്തെ മറ്റ് വിഷയങ്ങളുമായി സംയോജിപ്പിച്ച് കൊണ്ട് പ്രവർത്തനങ്ങൾ നടത്തുകയാണെങ്കിൽ പഠനം രസകരവും, ആസ്വാദ്യകരവുമാവും. ഇതിനായി, പ്രവൃത്തി പഠനം, കലാപഠനം, ആരോഗ്യ-കായിക പഠനം എന്നിവയുടെയൊക്കെ പറ്റുന്ന സന്ദർഭത്തിലെല്ലാം ഗണിതവുമായി യോജിപ്പിക്കാൻ ശ്രമിക്കണം.

കുട്ടികൾക്ക് അനായാസം ഗണിത ശേഷികൾ കൈവരിക്കാൻ ഉതകുന്ന പ്രവർത്തനങ്ങളും പദ്ധതികളുമാണ് താഴെപറയുന്നതിലൂടെ നിറവേറ്റാൻ ശ്രമിക്കുന്നത്.

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത താൽപര്യം വളർത്തൽ. | ഗണിത ക്ലബ്ബ് ശാസ്ത്രീകരണം കളികൾ,പാട്ടുകൾ പഠനോപകരണ നിർമാണം ശിൽപശാല ജാമിതീയ ചാർട്ട് | ജൂൺ ജൂലായ് | ഗണിതാ ധ്യാപകൻ | പി.ടി.എ ബി.ആർ.സി 20,000/- |
| സംഖ്യാബോധം | പ്രീ-ടെസ്റ്റിലൂടെ കുട്ടികളെ കണ്ടെത്തൽ, | ജൂൺ ആദ്യവാരം | ക്ലാസ് ടീച്ചർ | പി.ടി.എ |
| | പരിഹാര ബോധനം (രസകരം) മൊഡ്യൂൾ തയ്യാറാക്കൽ | ജൂൺ ഒരു മാസം | എസ്.ആർ.ജി | ബി.ആർസി. 10,000/- |
| ചതുഷ് ക്രിയകൾ ഉറപ്പിക്കൽ സങ്കലന,ഗുണന വസ്തുതകൾ ഉറപ്പിക്കൽ | പ്രീ. ടെസ്റ്റ് കുട്ടികളെ ക്കണ്ടെത്തൽ ആദ്യവാരം. പരിഹാര പ്രവർത്തനങ്ങൾ ക്കുള്ള മൊഡ്യൂൾ തയ്യാറാക്കൽ | ഒരു മാസം ജൂലായ് | അധ്യാപിക എസ്.ആർ.ജി | 5000 എസ്.എസ്.ജി |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | I me w | N pa X e | സാമ്പത്തികം |
|---|---|---|---|---|
| പ്രശ്നാപഗ്രതഥനം ശേഷി വളർത്തൽ | ഉയർന്ന ചിന്താ ശേഷിയുള്ള പ്രശ് നങ്ങൾ, പസിലുകൾ എന്നിവ അഴ്ചയിൽ നൽകൽ. പ്രശ്നങ്ങൾ സൃഷ്ടിക്കുക. (രക്ഷിതാക്കൾക്ക് ശിൽപശാല) | 10 മാസം | ഗണിത ക്ലബ്ബ് | പി.ടി.എ എസ്.എസ്.ജി 10,000/- |
| ഉപകരണങ്ങൾ കൃത്യമായി കൈകാര്യം ചെയ്യാനുള്ള കഴിവ് | ഗണിതലാബ് ശാക്തീകരണം " ലാബിലേക്ക്" | 10 മാസം | ഗണിതാ ധ്യാപിക. S.R.G S.S.G | P.T.A B.R.C DIET 1,00,000/- |
| ഉയർന്ന നിലവാര മുള്ള കുട്ടികളെ പരിപോഷിപ്പിക്കൽ | ക്യാമ്പ്-ഗണിത സഹവാസ ക്യാമ്പ് ഗണിത പ്രൊജക്ട് | 10 മാസം | ഗണിത ക്ലബ്ബ് | P.T.A S.S.G B.R.C 20,000/ - |
| യു.എസ്.എസ് , എൽ.എസ്.എസ് നേടൽ | പിരിശീലനം വിദഗ്ധരെ പങ്കെടുപ്പിക്കൽ | ആഗസ്റ്റ് മുതൽ ജനവരി | S.R.G കൺവീനർ | P.T.A S.S.G B.R.C 10,000/- |

## അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രമനോഭാവത്തിലൂടെ സാമൂഹിക ധാർമ്മികത കൈവരിക്കൽ. | ശാസ്ത്രപോഷണ പരിപാടി | ഒരു വർഷം | ശാസ്ത്രാധ്യാപകർ | പി.ടി.എ ബി.ആർ.സി ഡയറ്റ് |
| ധാർമ്മികത | ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും, മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ കണ്ടെത്തി.ശാസ്ത്ര ബോധവത്കരണ ക്ലാസ്സ് | " | ശാസ്ത്രാധ്യാപകർ, വിദഗ്ധർ | " |
| പരീക്ഷണ നിരീക്ഷണ കഴിവ് വളർത്തൽ | കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ശാസ്ത്ര പഠനനേട്ടങ്ങളും. ആർജിക്കാനുള്ള പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ | " | " | പി.ടി.എ |
| ലാബ് കൈകാര്യം ചെയ്യുക | സ്വതന്ത്രമായി പരീക്ഷണം നടത്താനുള്ള ലാബ് സൗകര്യം മെച്ചപ്പെടുത്തൽ | " | " | ബി.ആർ.സി. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രജ്ഞരെ കുറിച്ചറിയൽ | ശാസ്ത്രക്കുറിപ്പ് തയ്യാറാക്കൽ . (ഒരു നാൾ ഒരു ശാസ്ത്രജ്ഞൻ) | എല്ലാ ദിവസവും | വിദ്യാർത്ഥികൾ | അധ്യാപകർ |
| ശാസ്ത്ര ലൈബ്രറി കൈകാര്യം ചെയ്യൽ | എന്റെ വിദ്യാലയത്തിൽ ശാസ്ത്ര ലൈബ്രറി | ഒരു വർഷം | " പിടിഎ | പിടിഎ ബിആർസി |
| സ്വയം മാസിക നിർമ്മാണം സാധ്യമാക്കൽ | ശാസ്ത്ര മാസിക നിർമ്മാണം | മാസം തോറും | വിദ്യാർത്ഥികൾ | " |
| | ശാസ്ത്ര ചാർട്ട് പ്രദർശനം | " | " | " |
| | ശാസ്ത്രദിനാചരണം | വർഷം മുഴുവൻ | | |
| | ശാസ്ത്ര പഠന യാത്ര | 6 മാസത്തിലൊരിക്കൽ | " | " |
| | നിരീക്ഷണത്തിലൂടെ പ്രൊജക്ട് തയ്യാറാക്കൽ | വിവിധ കാലയളവ് | " | " |
| | വ്യവസായ ശാലകൾ സന്ദർശിക്കുക. നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക. | അവസരത്തിനനുസരിച്ച് | അധ്യാപകർ വിദ്യാർത്ഥികൾ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | വ്യക്തിഗത കണ്ടു പിടിത്തങ്ങളും, പ്രോത്സാഹനങ്ങളും | വർഷം മുഴുവൻ | അധ്യാപകൻ | പി.ടി.എ അധ്യാപകർ |
| | ശാസ്ത്ര സെമിനാറുകൾ | മാസത്തി ലൊരിക്കൽ | അധ്യാപകൻ വിദ്യാർത്ഥി കൾ | ,, |
| | ശാസ്ത്രോപകരണ ങ്ങൾ.സ്വയം നിർ ത്തിക്കൽ | വർഷം മുഴുവൻ | ,, | ,, |
| | ശാസ്ത്ര വർക്ക് ഷോപ്പുകൾ | 6 മാസ ത്തിലൊരി ക്കൽ | ,, | പി.ടി.എ |
| | എന്റെ വിദ്യാലയ ത്തിൽ ശാസ്ത്ര മ്യൂസിയം | 5 വർഷം | പി.ടി.എ അധ്യാപകർ | പി.ടി.എ 50,000/- |
| | | | | |

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠനനേട്ടങ്ങൾ കൈവരിക്കുക. | ഗ്രൂപ്പ് ചർച്ച<br>സെമിനാർ | | | പൂർവ്വ വിദ്യാർത്ഥി |
| ജനാധിപത്യ ബോധം, മതനിരപേക്ഷത, ചിന്ത, ദേശീയ ബോധം.സഹിഷ്ണുത, സഹകരണ മനോഭാവം സംഘബോധം, പ്രതിക രണ ശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തു ന്നതിന് സർവ്വതോ മുഖമായ വ്യക്തിത്വ വികസനം | സംവാദം<br>അഭിമുഖം<br>ഫീൽഡ് ട്രിപ്പ്<br><br>പ്രോജക്ട്<br>ചരിത്ര ചാർട്ട് പ്രദർശനം,<br>ചരിത്ര നായകന്മാരുടെ ദിനാചരണം.<br>വ്യവസായ ശാലകൾ വന്ദർശനം | ജൂൺ മുതൽ മാർച്ച്<br><br>ആറ് മാസത്തി ലൊരിക്കൽ | സോഷ്യൽ അധ്യാപകൻ | പി.ടി.എ<br>ബി.ആർ.സി<br>ഡയറ്റ് |
| | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കമ്പ്യൂട്ടർ പരിജ്ഞാനം | കമ്പ്യൂട്ടർ പരിപോഷണം | ഒരു വർഷം | കമ്പ്യൂട്ടർ ടീച്ചർ. പരിപോഷണം നേടിയ അധ്യാപകർ | പി.ടി.എ ബി.ആർ.സി |
| | കമ്പ്യൂട്ടർ ലാബ് സൗകര്യം . രണ്ട് കുട്ടികൾ വീതം പഠിക്കുവാനുള്ള കമ്പ്യൂട്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുക. | ഒരു വർഷം | ,, | പി.ടി.എ സ്പോൺസർ |
| | കമ്പ്യൂട്ടറിന്റെ സുഗമമായ പ്രവർത്തനത്തിന് ഇൻവെർട്ടർ ഘടിപ്പിക്കുക | 6 മാസം | ,, | 1,00,000/- |
| | പ്രൊജക്ടർ പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള വിഷ്വൽ ഉപയോഗം | എല്ലായ്പ്പോഴും | ,, | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| | പ്രിന്റർ വ്യക്തിഗതമായ ആശയങ്ങൾ കമ്പ്യൂട്ടറിലൂടെ ചെയ്ത് പ്രിന്റ് എടുക്കൽ | എല്ലായ് പ്പോഴും | പി.ടി.എ ഐ.ടി അധ്യാപകർ | പി.ടി.എ സ്പോൺ- സറിങ്ങ് |
| | ഐ.ടി ലൈബ്രറി | ,, | പി.ടി.എ അധ്യാപകർ | 50000/ |
| | ഹൈടെക് ക്ലാസ് റൂം ഓരോ ക്ലാസിലും കമ്പ്യൂട്ടർ - | ഒരു വർഷം | ,, | 10 ലക്ഷം |
| | പെർമനന്റ് ടെക്നീഷ്യൻ | ദിവസേന | പി.ടി.എ മേനേജർ | 50,000/- |

## പ്രവൃത്തി പരിചയം

ഗാന്ധിജി പഠനത്തിൽ കൂടുതൽ പ്രാധാന്യം നൽകിയത് പ്രവൃത്തി പഠനത്തിനായിരുന്നു. അതിലൂടെ കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പിക്കാനും കൂടുതൽ ഉന്മേഷവാന്മാരാക്കാനും കഴിയുമെന്ന് ദൈനംദിന ജീവിതത്തിൽ അത് കുട്ടികൾക്ക് കൂടുതൽ ഗുണം ലഭിക്കുമെന്നും മനസ്സിലാക്കി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വയം തൊഴിൽ പരിശീലനം | കുട്ട നിർമ്മാണം തുന്നൽ, കുട നിർമ്മാണം, സോപ്പ് നിർമ്മാണം ചോക്ക്, ചന്ദനത്തിരി നിർമ്മാണം, എന്നിവ പരിശീലിപ്പിക്കൽ | 5 വർഷം | വർക്ക് എക്സ്പീരിയൻസ് ടീച്ചർ | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ 1,00,000/- |
| പാഴ് വസ്തുക്കൾ ഉപയോഗിച്ച് കര കൗശല വസ്തുക്കൾ നിർമ്മിക്കൽ | പ്ലാസ്റ്റിക് സഞ്ചികൾ വാഴ നാരുകൾ ചകിരികൾ മുട്ടത്തോട് എന്നിവകൊണ്ട് പൂക്കൾ,പൂക്കൊട്ട, കരകൗശല വസ്തുക്കൾ എന്നിവ നിർമ്മിക്കാൻ പരിശീലിപ്പിക്കുക. | ഒരു വർഷം | വർക് എക്പ്പീരിയൻസ് ടീച്ചർ | 10,000/- |
| | | | | |

## കലാ പഠനം

കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകൾ പരിപോഷിപ്പിക്കുവാനും, മാനസികമായ ഉല്ലാസം നേടുവാനും കലാപഠനം പ്രയോജനപ്പെടുന്നു. മറ്റുള്ളവരെ ആകർഷിക്കൽ, മനസ്സിന് കുളിർമ നൽകാൻ കലക്ക് കഴിയുന്നു. മനുഷ്യനെ സംസ്കാര സമ്പന്നനാക്കാൻ കഴിയുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലെ | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ സർഗ്ഗാത്മക വികസിക്കുന്നു കലാ-സാംസ് കാരം വളരുന്നു. | കുട്ടികളുടെ കഴിവ് കണ്ടെത്തി തരം തിരിക്കുന്നു. നൃത്തം,സംഗീതം അഭിനയം,ചിത്രം എന്നീകലാരൂപങ്ങൾ പരിപോഷിക്കാനാവശ്യ മായ വിദഗ്ദരെ കണ്ടെത്തി പരിശീലിപ്പിക്കുന്നു. | 5 വർഷം | സംഗീതം അധ്യാപകൻ നൃത്ത അധ്യാപൻ | " 1,00,000.00 |

## കായികക്ഷമത

കായിക ഭൂപടത്തിൽ വിവിധ മേഖലകളിലെ സർവ്വതോന്മുഖമായ ശേഷി കളിൽ മികവുറ്റ വിജയം കൈവരിച്ച വിദ്യാലയമാണ് കരുവഞ്ചേരി യു.പി. സ്കൂൾ. ലോകചരിത്രത്തിൽ പ്രഥമദ്രോണാചാര്യ അവാർഡ് ജേതാവായ ശ്രീ.ഒ.എം.നമ്പ്യാർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയാണെന്നതിൽ എന്നുംനമുക്ക് അഭിമാനിക്കാം. ദേശീയ കായികതാരമായ കെ.എം.ബിൻസി യെപോലുള്ള നിരവധി കായിക താരങ്ങൾ ജന്മം കൊണ്ട ഒരു വിദ്യാലയ മാണിത്.

കായിക വിദ്യാഭ്യാസത്തിലൂടെ കായികക്ഷമത വർദ്ധിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളെ രാഷ്ട്രത്തിന്റെ ക്ഷേമത്തിനായി മാറ്റിയെടുക്കാം എന്ന ലക്ഷ്യം വിദ്യാലയത്തിന്റെ മാതൃകാ പ്രവർത്തനമാകുന്നു.

## ന്യൂനതകൾ

കായിക പരിശീലത്തിന് ആവശ്യമായ കളിസ്ഥലങ്ങളും കളി ഉപകര ണങ്ങളും ഒരുക്കേണ്ടതുണ്ട്.

## പ്രവർത്തനങ്ങൾ

വിദഗ്ദരുടെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾക്ക്വേണ്ടി സർവ്വ തോന്മുഖമായ കായിക പരിശീലനം നൽകുക. യോഗ, കരാട്ടെ, നീന്തൽ, വോളീബോൾ, ഫുട്ട്ബോൾ ,ഷട്ടിൽ ബാറ്റ്, ബാസ്കറ്റ്ബോൾ, സൈക്കിൾ . നാടൻകളികൾ, പരിചയപ്പെടുത്തൽ, കബഡി,മാസ്, സേർ,തലപന്ത്,, കൊക്കംപറക്കൽ, ഗോലികളി, കുട്ടീംകോലും,കോഴീം കുറുക്കനും, കള്ളനും പോലീസും.

## വിശദീകരണം

കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഗ്രൂപ്പായിതിരിച്ച് ക്ഷമത പരിപോ ഷിപ്പിക്കാൻ അവസരം നൽകുന്നു.

## നേട്ടങ്ങൾ

ഒരു സമൂഹത്തിന്റെ സാമ്പത്തിക സാംസ്കാരിക പുരോഗതിയുടെ മുഖ്യഘടകം, ജനങ്ങളുടെ കായികക്ഷമതയെയും,ആരോഗ്യത്തെയും ആശ്രയിച്ചാണിരിക്കുന്നത്. മദ്യപാനം, പുകവലി, മറ്റ് ലഹരികൾ എന്നിവയോടുള്ള ആസക്തി, അനാരോഗ്യകരമായ ഭക്ഷണശീലം തുടങ്ങി വ്യക്തിയുടെയും, സമൂഹത്തിന്റെയും ആരോഗ്യത്തിന് ഭീഷണിയാവുന്ന പല വിപത്തുകളിൽ നിന്നും മോചനം നേടാൻ ചിട്ടയായ കായിക പരിശീലനം സഹായകമാവും.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക സംസ്കാരം വളർത്തി യെടുക്കൽ | യോഗ,കരാട്ടെ നീന്തൽ ഗെയിംസ് സൈക്ലിങ്ങ്, നാടൻകളികൾ | 5 വർഷം<br>ഒരു വർഷം | കായിക അധ്യാപകൻ<br>വിദഗ്ദർ | സ്പോൺസറിങ്ങ്<br>5 ലക്ഷം |
| നാടൻകളികൾ പരിശീലിപ്പിക്കൽ | മാസ്, സീർ കബഡി-കബഡി തലപന്ത് ഓലപന്ത് കുട്ടിയും കോലും ഒളിച്ചും പൊത്തിയും | ഒരു വർഷം | കായിക അധ്യാപകൻ | — |
| അച്ചടക്കം | പൊട്ടറ്റോ ഗാതറിംഗ്. റിലേ മത്സരം. എക്സർസൈസ് | ഒരു വർഷം | കായിക അധ്യാ-പകൻ | — |

ദൈനംദിന ജീവിതത്തിൽ കൃഷിയുടെ പ്രാധാന്യം കുട്ടികളെ അനുഭവത്തിലൂടെ പഠിപ്പിച്ചുകൊണ്ട് മികവുറ്റ രീതിയിൽ കൃഷി ചെയ്തുവരുന്ന വിദ്യാലയമാണ് കരുവഞ്ചേരി യു.പി. പല അംഗീകാരങ്ങളും ഈ സ്കൂളിന് നേടിയെടുക്കാൻ കളിഞ്ഞിട്ടുണ്ട്. കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ലക്ഷ്യം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക | പലതരം പച്ചക്കറികൾ കുട്ടികൾ സ്വന്തമായി കൃഷി ചെയ്യാൻ വേണ്ടുന്ന പരി-ശീലനം നൽകുക | ഒരു വർഷം | കാർഷികം ക്ലബ്ബ് ടീച്ചർ<br>,, | പി.ടി.എ പഞ്ചായത്ത് (10,000) |
| ജൈവകൃഷി പ്രോത്സാഹി-പ്പിക്കൽ. | ജൈവവളം നിർമ്മിക്കാൻ ആവശ്യമായ സ്രോതസ്സുകൾ കണ്ടെത്തി, പരിശീലനം നൽകൽ | ,,<br>,, | ,,<br>,, | പി.ടി.എ ക്ലബ്ബ് 20,000/- |
| വിദ്യാലയ-ത്തിലെ കൃഷിയെ വീടുമായി ബന്ധിപ്പിക്കുക | കുട്ടികൾക്ക് വീട്ടിൽ ഒരു അവരപന്തൽ നിർമ്മിക്കാൻ വേണ്ടി വിത്ത് വിതരണം | ,, | | പി.ടി.എ ക്ലബ്ബ് 2000/ |
| ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, പരിസരപഠനം, എന്നീ വിഷയ ങ്ങളിലെ പഠന നേട്ടം ഉറപ്പിക്കുക | പലതരം വിത്തുകൾ ശേഖരിക്കൽ, ജൈവകീടനാശിനികൾ നിർമ്മിക്കൽ | | ,, | പി.ടി.എ |